## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 25** **08-08-2023 - ൽ മറുപടിയ്ക്ക്**

## നെല്ല് സംഭരണ കുടിശ്ശിക നൽകാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സപ്ലൈകോ മുഖേന സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | കർഷകർക്ക് നെല്ല് സംഭരിച്ചതിന്റെ തുക അനുവദിക്കുന്നത് ഗൗരവമായി കണ്ട് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022-23 സീസണിൽ കർഷകർക്ക് ആകെ നൽകേണ്ടിയിരുന്നത് 2070.71 കോടി രൂപയാണ്. അതിൽ 1637.83 കോടി രൂപ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 433 കോടി രൂപയിൽ 31/7/2023ലെ സ.ഉ.(സാധാ)നം.327/2023/ F&CS പ്രകാരം 60 കോടി രൂപയും, 02/08/2023ലെ സ.ഉ.(സാധാ)നം.331/2023/ F&CS പ്രകാരം 120 കോടി രൂപയും ചേർത്ത് 180 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം വായ്പ ലഭ്യമാക്കുന്നതിനായി എസ്.ബി.ഐ., കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയടങ്ങിയ കൺസോർഷ്യവുമായി ചർച്ച നടത്തിവരുന്നു. കൂടുതൽ കാര്യക്ഷമമായി ഭാവിയിൽ നെല്ലുസംഭരണം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന വായ്പാ സംവിധാനം ക്രമീകരിക്കുന്നതിന് കേരള ബാങ്കുമായും കൂടിയാലോചനകൾ നടത്തുന്നുണ്ട്. കേന്ദ്രസർക്കാർ നൽകുന്ന MSPയും സംസ്ഥാന സർക്കാർ നൽകുന്ന സംസ്ഥാന പ്രോത്സാഹന ബോണസുമാണ് വികേന്ദ്രീകൃത ധാന്യസംഭരണ-സംസ്കരണ വിതരണ പദ്ധതി പ്രകാരം സംഭരിക്കുന്ന നെല്ലിന്റെ വിലയായി കർഷകന് ലഭിക്കുക. സംഭരിച്ച നെല്ല് അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്തശേഷം മാത്രമേ തുക ലഭിക്കുന്നതിനുള്ള ക്ലെയിം കേന്ദ്രസർക്കാരിലേയ്ക്ക് അയയ്ക്കാൻ സാധിക്കുകയുള്ളൂ. മൂന്ന് മാസത്തിൽ ഒരിക്കലാണ് ഇപ്രകാരം ക്ലെയിം സമർപ്പിക്കാൻ സാധിക്കുക. ആയതിനാൽ നെല്ലുസംഭരിച്ചതിനുശേഷം ആറുമാസം വരെ |

| | | | |
|---|---|---|---|
| | | | കഴിഞ്ഞാണ് ഈ തുക ലഭിക്കുന്നത്. നെല്ല് സംഭരിച്ചാലുടൻ തന്നെ കർഷകർക്ക് സംഭരണവില നൽകുന്നതിന് കഴിയുംവിധം കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്ന് മേൽപ്പറഞ്ഞ വിഹിതങ്ങൾ ലഭിക്കാതെ വരുന്നതിനാൽ പദ്ധതി നടത്തിപ്പിനുള്ള തുക മുൻകൂറായി സപ്ലൈകോ കണ്ടെത്തേണ്ടിവരുന്നു. ബാങ്കുകളുമായി ധാരണയിലെത്തി PRS വായ്പയായിട്ടാണ് നെല്ലസംഭരണവില കർഷകർക്ക് നൽകാനുള്ള ക്രമീകരണം നടത്തിവരുന്നത്. സപ്ലൈകോയുടെ കടമെടുപ്പ് പരിധി അധികരിച്ചതിനാൽ വായ്പ അനുവദിക്കാൻ ബാങ്കുകൾ വിമുഖത കാണിക്കുന്നത് മൂലമാണ് ഇപ്പോൾ നെല്ലിന്റെ വില നൽകാൻ കാലതാമസം നേരിട്ടിട്ടുള്ളത്. |
| (ബി) | നെല്ല് സംഭരണ തുക കിട്ടാത്തതിനാൽ അടുത്ത കൃഷിയിറക്കാനാവാതെ കർഷകർ ദുരിതത്തിലാണ് എന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ; | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | സപ്ലൈകോ മുഖേന സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ